എൻ.എം.(ബി)2/7551/2023/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ജഗതി, തിരുവനന്തപുരം – 695 014
ഫോൺ നമ്പർ- 0471-2580548, 2324633

# താൽപര്യപത്രം

തീയതി 05.06.2024

വിഷയം : പൊതു വിദ്യാഭ്യാസം – ഉച്ചഭക്ഷണ പദ്ധതി - സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/ കുടിവെള്ള സാമ്പിളുകളുടെ പരിശോധന സടത്തുന്നത്- അംഗീകൃത ലാബുകളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന : 23.05.2024- ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ ചേർന്ന യോഗം തീരുമാനം

ഉച്ചഭക്ഷണ പദ്ധതിയുടെ (Pradhan Mantri Poshan Shakti Nirman or PM POSHAN) ഭാഗമായി സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/കുടിവെള്ള സാമ്പിളുകളുടെ മൈക്രോബയോളജിക്കൽ/കെമിക്കൽ പരിശോധന നടത്തുന്നതിന് NABL അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ലാബുകളിൽ നിന്നും ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി താൽപര്യപത്രം ക്ഷണിക്കുന്നു.

## വ്യവസ്ഥകൾ

1. താൽപര്യ പത്രം സമർപ്പിക്കുന്ന ലാബുകൾ NABL അക്രഡിറ്റേഷൻ ഉള്ളവയായിരിക്കണം. ആയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് താൽപര്യ പത്രത്തോടൊപ്പം സമർപ്പിക്കണം.
2. കേരളത്തിൽ ആകെ 12023 സ്കൂളുകളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അദ്ധ്യയന വർഷം (Academic Year) ആരംഭിക്കുന്നത് കലണ്ടർ വർഷം ജൂൺ മാസത്തിലും അവസാനിക്കുന്നത് തൊട്ടടുത്ത കലണ്ടർ വർഷം മാർച്ച് മാസത്തിലുമാണ്. ഒരു സ്കൂളിൽ നിന്നും ഒരു ഭക്ഷണ സാമ്പിൾ, കുടിവെള്ള സാമ്പിൾ എന്ന കണക്കിൽ റാൻഡം രീതിയിൽ സ്കൂളുകളിൽ നിന്ന് ഭക്ഷണ (ചോറ് ഒഴികെ), കുടിവെള്ള സാമ്പിളുകൾ നേരിട്ട് ശേഖരിക്കേണ്ടതും അവ ലബോറട്ടറിയിൽ കെമിക്കൽ, മൈക്രോ ബയോളജിക്കൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.
3. സ്കൂളുകളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കുവാൻ ലാബിന്റെ അംഗീകൃത പ്രതിനിധികളെ നിയോഗിക്കേണ്ടതാണ്. ഇപ്രകാരം നിയോഗിക്കപ്പെടുന്ന വ്യക്തികൾ ലാബ് നൽകുന്ന ഫോട്ടോ പതിച്ച പ്രത്യക തിരിച്ചറിയൽ കാർഡ് ധരിക്കേണ്ടതും സാമ്പിളുകൾ ശേഖരിക്കുവാൻ ലാബ് നൽകിയിട്ടുള്ള ഓതറൈസേഷൻ ലെറ്റർ സ്കൂൾ സന്ദർശന വേളയിൽ പ്രധാനാദ്ധ്യാപകൻ / ഉച്ചഭക്ഷണ ചുമതലയുള്ള അദ്ധ്യാപകനെ കാണിക്കേണ്ടതുമാണ്.
4. സ്കൂൾ പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 12.00 മണി മുതൽ 1.00 മണി വരെയാണ് കുട്ടികൾക്ക്

ഉച്ചഭക്ഷണം നൽകുന്നത്. ടി സമയത്ത് സാമ്പിളുകൾ ശേഖരിക്കാവുന്നതാണ്. യാതൊരു കാരണവശാലും സ്കൂൾ അധികൃതരോട് ഭക്ഷണ സാമ്പിൾ ശേഖരിച്ച് ലാബിലെത്തിക്കുവാൻ ആവശ്യപ്പെടരുത്.

5. ഭക്ഷണ/കുടിവെള്ളത്തിന്റെ സാമ്പിളുകളുടെ കെമിക്കൽ, മൈക്രോബയോളജിക്കൽ പരിശോധനകളാണ് മുഖ്യമായും നടത്തേണ്ടത്.
6. ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സ്കൂളുകൾ 14 ജില്ലകളിലായി 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിലാണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്.
7. ഓരോ സ്കൂളിലേയും സാമ്പിൾ പരിശോധന റിപ്പോർട്ട് പരമാവധി പത്ത് ദിവസങ്ങൾക്കുള്ളിൽ ബന്ധപ്പെട്ട സ്കൂളുകൾ (സ്കൂൾ കോഡ് സഹിതം), ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നൂൺമീൽ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്ക് സമർപ്പിക്കേണ്ടതാണ്. പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ടി വിവരം അടിയന്തിരമായി സ്കൂൾ അധികൃതരെ അറിയിക്കേണ്ടതും പരിഹരിക്കുവാനുള്ള നിർദ്ദേശവും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. (Soft Copy & Hard Copy).
8. ഓരോ മാസവും നടത്തിയ പരിശോധനകളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ടും (കണ്ടെത്തലുകളടക്കം) സ്റ്റേറ്റ്മെന്റും ബില്ലുകളും സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് തൊട്ടടുത്ത മാസം 5 ാം തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. (Soft Copy & Hard Copy).
9. ചുവടെ സൂചിപ്പിക്കുന്ന മാതൃകയിൽ ആയിരിക്കണം തുക ക്ലെയിം ചെയ്യേണ്ടത്.

| ക്രമ നം | ഒരു ഭക്ഷണ സാമ്പിളിന്റെ മൈക്രോബയോളജിക്കൽ പരിശോധനയ്ക്കുള്ള ചെലവ് | ഒരു ഭക്ഷണ സാമ്പിളിന്റെ കെമിക്കൽ പരിശോധനയ്ക്കുള്ള ചെലവ് | കുടിവെള്ളത്തിന്റെ ഒരു സാമ്പിൾ പരിശോധനയ്ക്കുള്ള ചെലവ് | ഒരു മാസം ശേഖരിക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം ശേഖരിക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

നികുതി, യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഉൾപ്പെടെയുള്ള കുറഞ്ഞ തുകയാണ് ക്ലെയിം ചെയ്യേണ്ടത്.

Signed by
Shanavas S
Date: 05-06-2024 13:27:35

പൊതുവിദ്യാഭ്യാസ ഡയറക്ടർ